കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER | 10 | 2022 |
| --- | --- | --- |



ശബരിമല പത്രക്കുറിപ്പ് - 2

ഫോൺ : 04735 - 202664

www.sabarimala.kerala.gov.in, prdsabarimala2022@gmail.com

# വയറിളക്ക രോഗങ്ങൾക്കെതിരെ മുൻകരുതൽ വേണം

ശബരിമല തീർത്ഥാടകർ വയറിളക്ക രോഗങ്ങൾക്കെതിരെ മുൻകരുതൽ പാലിക്കണമെന്ന് പത്തനംതിട്ട ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എൽ. അനിതാ കുമാരി അറിയിച്ചു. ശുചിത്വമില്ലാത്ത വെള്ളവും ആഹാരവും കഴിക്കുന്നതാണ് വയറിളക്കരോഗം ഉ ാകാൻ കാരണം. തീർത്ഥാടകർ കുടിവെള്ളം കൂടെ കരുതുന്നതാണ് അഭികാമ്യം. ഭക്ഷണത്തിന് മുമ്പ് കൈകൾ സോപ്പുപയോഗിച്ച് വൃത്തിയായി കഴുകണം. പഴകിയതോ, തുറന്നു വച്ചതോ ആയ ആഹാരം കഴിക്കരുത്. പഴങ്ങൾ നന്നായി കഴുകിയ ശേഷംമാത്രം കഴിക്കുക.

തുറസായ സ്ഥലങ്ങളിൽ മലമൂത്രവിസർജ്ജനം ചെയ്യരുത്. ശൗചാലയങ്ങൾ ഉപയോഗിക്കുക. മലവിസർജ്ജനത്തിന് ശേഷം കൈകൾ സോപ്പ് ഉപയോഗിച്ച് കഴുകുക. മാലിന്യങ്ങൾ വലിച്ചെറിയാതെ നിർദ്ദിഷ്ട സ്ഥലങ്ങളിൽ മാത്രം നിക്ഷേപിക്കുക. ഹോട്ടലുകളിൽ അഞ്ചുമിനിറ്റെങ്കിലും വെട്ടി തിളപ്പിച്ച വെള്ളം മാത്രമെ കുടിക്കാൻ നൽകാവൂ. തിളപ്പിച്ച വെള്ളത്തിലേക്ക് പച്ചവെള്ളം ഒഴിച്ച് കുടിവെള്ളമായി നൽകാൻ പാടില്ല.

ഭക്ഷണസാധനങ്ങൾ ഈച്ചയും മറ്റുപ്രാണികളും കടക്കാത്ത വിധം അടച്ചുമാത്രമേ സൂക്ഷിക്കാവൂ. ശാരീരിക ബുദ്ധിമുട്ടുകളോ രോഗലക്ഷണങ്ങളോ ഉ ായാൽ ഉടൻ തന്നെ

ശരണപാതയിലുള്ള ആരോഗ്യ കേന്ദ്രങ്ങളെ സമീപിക്കണമെന്നും ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു.

(പി.ആർ.ശബരി- 148)

